# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : വി.എൻ.ജിതേന്ദ്രൻ )

തിരുവനന്തപുരം,

ഉത്തരവ് നം.ഇ4/38666/14 തീയതി: 20-12-2014

വിഷയം: - സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വകുപ്പിലെ ക്ളാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് - തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് - യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സ.ഉ(പി)നം.1/2014/ഉഭപവ തിയതി 3-1-2014

2) സ.ഉ(പി)നം.21/2014/ഉഭപവ തിയതി 19-7-2014

3)സാമൂഹ്യനീതി ഡയറക്ടറുടെ 19-11-14ലെ ഇ9-3400/14(1), ഇ9-3400/14(4), ഇ9-3400/14(7), ഇ9-3400/14(8), ഇ9-3400/14(9), ഇ9-3400/14(10) നമ്പർ നടപടിക്രമങ്ങൾ

4)സാമൂഹ്യനീതി ഡയറക്ടറുടെ 17-12-2014ലെ ഇ4/38666/14 നമ്പർ നടപടിക്രമം

5) മുതുകുളം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ 16-12-2014ലെ ICDS/KYLM/112/12 നമ്പർ കത്ത്

1) വിവിധ സർക്കാർ വകുപ്പുകളിൽ ക്ളാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10ശതമാനത്തിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം നിയമനം നടത്തുന്നതിനായി പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം വകുപ്പിലെ ക്ളാർക്ക് തസ്തികയിലെ ജില്ലാതല cadre strengthഉം, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈട്രാൻസ്ഫർ നിയമനത്തിനായ് ജില്ലാതലത്തിൽ ക്ളാർക്ക് തസ്തികയുടെ 10ശതമാനം എണ്ണവും നിജപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

2) വകുപ്പിലെ നിലവിൽ ക്ളാർക്ക് തസ്തികയിൽ ഒഴിവുള്ള തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ പരാമർശം 3 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ

ചേർക്കുന്ന ക്ളാസ് IV ജീവനക്കാർക്ക് ബൈട്രാൻസ്ഫർ മുഖേന ക്ളാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം ലഭിക്കുന്നതിനു അർഹതയുണ്ട്.

പട്ടിക 1

| ക്രമ നം. | ജീവനക്കാരുടെ പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനം. |
|---|---|---|
| 1 | ശ്രീ.എസ്.വിൻസന്റ് സുരേഷ്ബാബു | 1 (E9/3400/14(1) dtd.19-11-14 |
| 2 | ശ്രീമതി.എൽ.പൊന്നമ്മ | 1 (E9/3400/14(4) dtd.19-11-14 |
| 3 | ശ്രീ.എ.എം.അബ്ദുൾ സലീം | 1 (E9/3400/14(7) dtd.19-11-14 |
| 4 | ശ്രീ.എ.വി.അബൂബേക്കർ | 1 (E9/3400/14(8) dtd.19-11-14 |
| 5 | ശ്രീ.കെ.ഐ.ഷൗക്കത്തലി | 1 (E9/3400/14(9) dtd.19-11-14 |
| 6 | ശ്രീ.വി.എം.സുബൈർ | 1 (E9/3400/14(10) dtd.19-11-14 |

3) മേൽ പട്ടികയിൽ ക്രമനമ്പർ 2 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീമതി.എൽ.പൊന്നമ്മ ബൈട്രാൻസ്ഫർ മുഖേനയുള്ള തസ്തിക മാറ്റത്തിനു പരാമർശം 5 പ്രകാരം രേഖാമൂലം വിസമ്മതം അറിയിച്ചിട്ടുള്ളതും ആയതു പ്രകാരം ടിയാരിയുടെ റിലിംഗ്വിഷ്മെന്റ് സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ 19-11-2014ലെ ഇ9/3400/14(4) നമ്പർ നടപടിക്രമ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 2 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.പി.പ്രദീപ്കുമാറിന് ബൈട്രാൻസ്ഫർ തസ്തികമാറ്റത്തിന് അർഹതയുണ്ട്.

4) ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ തസ്തികമാറ്റം നൽകുമ്പോൾ അവരുടെ സീനിയോറിറ്റി കണക്കാക്കുന്നതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി ജീവനക്കാർക്ക് KS &SSR ചട്ടം 31(a)(i) പ്രകാരം ചുവടെ ചേർക്കും കാര്യാലയങ്ങളിൽ 9940-16580രൂപ ശമ്പളസ്കെയിലിൽ ക്ളാർക്ക് തസ്തികയിൽ താത്ക്കാലിക തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>പട്ടിക -2</u>

| ക്രമ നം. | പേര്,തസ്തിക, ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | തസ്തികമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.എസ്.വിൻസന്റ് സുരേഷ് ബാബു, ഓഫീസ് അറ്റന്റന്റ്, ജില്ലാതല ഐസിഡിഎസ് സെൽ, തിരുവനന്തപുരം, | ക്ളാർക്ക്, സാമൂഹ്യനീതി ഡയറക്ടറേറ്റ്, അനക്സ്, തിരുവനന്തപുരം. | തസ്തികമാറ്റ നിയമനം |
| 2 | ശ്രീ.പി.പ്രദീപ്കുമാർ, ഓഫീസ് അറ്റന്റന്റ്, ഐസിഡിഎസ് ചമ്പക്കുളം | ക്ളാർക്ക്, ഐസിഡിഎസ് ചമ്പക്കുളം | തസ്തികമാറ്റ നിയമനം |
| 3 | ശ്രീ.എ.എം.അബ്ദുൾ സലീം, കുക്ക്, ഗവ.വൃദ്ധസദനം, എറണാകുളം | ക്ളാർക്ക്, ഐസിഡിഎസ്, വാഴക്കുളം | തസ്തികമാറ്റ നിയമനം |
| 4 | ശ്രീ.എ.വി.അബുബേക്കർ, ഓഫീസ് അറ്റന്റന്റ്, ജില്ലാ പ്രൊബേഷൻ ഓഫീസ്, തൃശ്ശൂർ | ക്ളാർക്ക്, ഐസിഡിഎസ്, പുഴയ്ക്കൽ | തസ്തികമാറ്റ നിയമനം |
| 5 | ശ്രീ.കെ.ഐ.ഷൗക്കത്തലി, ഓഫീസ് അറ്റന്റന്റ്, ജില്ലാതല ഐസിഡിഎസ് സെൽ, പാലക്കാട് | ക്ളാർക്ക്, ഐസിഡിഎസ് തൃത്താല അഡീഷണൽ | തസ്തികമാറ്റ നിയമനം |
| 6 | ശ്രീ.വി.എം.സുബൈർ, ഓഫീസ് അറ്റന്റന്റ്, ഐസിഡിഎസ് കുറ്റിപ്പുറം. | ക്ളാർക്ക്, ഐസിഡിഎസ് മലപ്പുറം റൂറൽ | തസ്തികമാറ്റ നിയമനം |

4) തസ്തികമാറ്റം ലഭിച്ച ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, ജീവനക്കാരുടെ വിടുതൽ/പ്രവേശനം കാര്യാലയ മേധാവി യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

5) തസ്തികമാറ്റം ലഭിച്ച ജീവനക്കാരുടെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിലെ സീനിയോറിറ്റി ഇതുസംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കും.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്:-

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
5. ഇ1 മുതൽ ഇ13 സീറ്റുകൾ
6. സെക്ഷൻ/സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്